● ശൈഖ് മുഹമ്മദ് കാരകുന്ന്

# വിശ്വാസവും വിനയവും

**വിശ്വാസികൾ** ദിനം പ്രതി ഏറ്റവും കൂടുതൽ ഉച്ചരിക്കുന്ന വാക്യം 'അല്ലാഹു അക്ബർ' ആണ്. അഞ്ചുനേരത്തെ നമസ്കാരങ്ങളിലായി നന്നെ ചുരുങ്ങിയത് തൊണ്ണൂറ്റിനാലുതവണ അതാവർത്തിക്കുന്നു. സുന്നത്ത് നമസ്കാരങ്ങളും ബാങ്കും ഇഖാമത്തും കൂടിയാവുന്നതോടെ അത് മുന്നൂറോളം തവണയായി മാറുന്നു. ഇങ്ങനെ ഒരേ വാക്യം നിരന്തരം ആവർത്തിക്കുന്നതെന്തിന്?

'അല്ലാഹുവാണ് ഏറ്റവും മഹാൻ, വലിയവൻ' എന്നൊക്കെയാണ് ആ വാക്യത്തിന്റെ അർഥം. അതീവ വിനയത്തോടെ താൻ ചെറിയവനും നിസ്സാരനുമാണെന്ന് അംഗീകരിക്കുന്നവനല്ലാതെ ആത്മാർഥമായി അത് ഉച്ചരിക്കാനാവില്ല.

**തന്റെ കീഴിലുള്ള ചപ്രാസിയുടെ കാലിന്റെ അടുത്ത് തന്റെ തലവെക്കുകയില്ലെന്ന് ആരെങ്കിലും ശഠിച്ചാൽ അയാളുടെ നമസ്കാരം നിരർഥകമായി മാറുന്നു. സമൂഹത്തിലെ പരമദരിദ്രൻ അനുഭവിക്കുന്നപോലെ വിശപ്പും ദാഹവും സഹിക്കാതെ ആർക്കും വ്രതമനുഷ്ഠിക്കാനാവില്ല. നാലായിരത്തി ഒരുനൂറുകൊല്ലം മുമ്പ് ഹാജറയെന്ന അടിമപ്പെണ്ണ് കയറിനിൽക്കുക വഴി അല്ലാഹുവിന്റെ അടയാളങ്ങളായി മാറിയ സ്വഫായിലും മർവായിലും കയറി നിൽക്കാതെയും അവർ നടന്ന വഴിയിലൂടെ നടക്കാതെയും ഏതു പ്രമുഖനും പ്രമാണിക്കും ഹജ്ജോ ഉംറയോ നിർവഹിക്കുക സാധ്യമല്ല. ഇവയെല്ലാം അവയുടെ ചൈതന്യമുൾക്കൊണ്ട് നിർവഹിക്കുന്ന ഏതൊരാളും പരമ വിനീതനായിത്തീരുന്നു.**

അഥവാ, അല്ലാഹു അക്ബറിന്റെ നിരന്തരമായ ആവർത്തനം വിശ്വാസിയെ വളരെയേറെ വിനീതനാക്കിമാറ്റുന്നു.

ആദ്യത്തെ പാപം ചെയ്തത് ഇബ്‌ലീസാണല്ലോ. അതിനവനെ പ്രേരിപ്പിച്ചത് അഹങ്കാരമായിരുന്നു. കാലം കണ്ട മറ്റെല്ലാ ധിക്കാരികളെയും വഴിപിഴപ്പിച്ചത് അഹങ്കാരം തന്നെ. ഈ അഹങ്കാരത്തിന് അറുതി വരുത്തി വിശ്വാസിയിൽ വിനയം വളർത്തുകയാണ് ഇസ്‌ലാം. ആരാധനാ കർമങ്ങൾ പോലും അതിന് സഹായകമാകും വിധമാണ്. പള്ളിയിൽ നമസ്കാരത്തിന് ആദ്യമെത്തുന്നത് ഓഫീസിലെ ശിപായിയോ ഡ്രൈവറോ ആണെങ്കിൽ ആദ്യ അണിയിലുള്ള അയാളുടെ കാലിന്റെ അടുത്ത് തലവെക്കാതെ പിന്നാലെ വരുന്ന പ്രധാനമന്ത്രിക്കോ പ്രസിഡന്റിനോ ഗവർണർക്കോ നമസ്കരിക്കാനാവില്ല. തന്റെ കീഴിലുള്ള ചപ്രാസിയുടെ കാലിന്റെ അടുത്ത് തല വെക്കുകയില്ലെന്ന് ആരെങ്കിലും ശഠിച്ചാൽ അയാളുടെ നമസ്കാരം നിരർഥകമായി മാറുന്നു. സമൂഹത്തിലെ പരമദരിദ്രൻ അനുഭവിക്കുന്നപോലെ വിശപ്പും ദാഹവും സഹിക്കാതെ ആർക്കും വ്രതമനുഷ്ഠിക്കാനാവില്ല. നാലായിരത്തി ഒരുനൂറുകൊല്ലം മുമ്പ് ഹാജറയെന്ന അടിമപ്പെണ്ണ് കയറിനിൽക്കുക വഴി അല്ലാഹുവിന്റെ അടയാളങ്ങളായി മാറിയ സ്വഫായിലും മർവായിലും കയറിനിൽക്കാതെയും അവർ നടന്ന വഴിയിലൂടെ നടക്കാതെയും ഏതു പ്രമുഖനും പ്രമാണിക്കും ഹജ്ജോ ഉംറയോ നിർവഹിക്കുക സാധ്യമല്ല. ഇവയെല്ലാം അവയുടെ ചൈതന്യമുൾക്കൊണ്ട് നിർവഹിക്കുന്ന ഏതൊരാളും പരമ വിനീതനായിത്തീരുന്നു.

വിനയമില്ലാത്തവന് വിശ്വാസിയാവാൻ കഴിയില്ല. നമസ്കാരത്തിന്റെ റകഅതുകളുടെ എണ്ണവും സുജൂദിന്റെയും റുകൂഇന്റെയും രൂപങ്ങളും മറ്റു ആരാധനാ കർമങ്ങളുടെ വിശദാംശങ്ങളും വിവരിച്ചിട്ടില്ലാത്ത വിശുദ്ധ ഖുർആൻ നടത്തത്തിലെ അഹന്തക്കറുതി വരുത്തി വിനയമുൾക്കൊള്ളാൻ നാലിടത്ത് ആവശ്യപ്പെടുന്നുവെന്നത് തന്നെ അതിന്റെ പ്രാധാന്യത്തിന് മതിയായ തെളിവാണ് (*ഖുർആൻ* 17: 37, 60: 19, 54: 63).

നടത്തത്തിൽ അഹങ്കാരം പ്രകടിപ്പിക്കുന്നവരെ ഖുർആൻ അതിരൂക്ഷമായി പരിഹസിക്കുന്നു: 'നീ ഭൂമിയിൽ അഹങ്കരിച്ചു നടക്കരുത്. ഭൂമിയെ പിളർക്കാനൊന്നും നിനക്കാവില്ല. പർവതങ്ങളോളം ഉയരാനും നിനക്കാവില്ല'(17:37).

### വിജയത്തിന്റെ വഴി

സ്വന്തം പരിമിതികൾ മനസ്സിലാക്കുന്ന ഏതൊരാൾക്കും വിനയാന്വിതനാവാതെ തരമില്ല. എത്ര വലിയ പണ്ഡിതനാണെങ്കിലും അയാളുടെ അറിവ് വളരെ പരിമിതമായിരിക്കും. തന്റെ താഴെയുള്ളവരിൽ നിന്ന് അയാൾക്ക് പലതും പഠിക്കാനുണ്ടാവും. വെള്ളത്തിൽ വീണാൽ നീന്താനറിയാത്ത സാങ്കേതിക വിദഗ്ധനും മുടിവെട്ട് അഭ്യസിച്ചിട്ടില്ലാത്ത ശാസ്ത്രജ്ഞനും കാർഷികവൃത്തി വശമില്ലാത്ത കലാകാരനും സൈക്കിൾ സവാരി ശീലിച്ചിട്ടില്ലാത്ത സാഹിത്യകാരനുമെല്ലാം അജ്ഞാനികൾ തന്നെ. അപ്രകാരം ശാരീരിക കരുത്തിനോ സാമ്പത്തിക ശേഷിക്കോ അധികാര ശക്തിക്കോ മരണത്തെ തടുക്കാനാവില്ലെന്നതും വാസ്തവം. മരണത്തെ അഭിമുഖീകരിക്കേണ്ടുന്ന മനുഷ്യൻ ഭൗതിക സൗകര്യങ്ങളുടെ പിന്നാലെ പായുന്നത് പാമ്പിന്റെ വായിലകപ്പെട്ട തവള പാറ്റയെ പിടിക്കുന്നപോലെയാണെന്ന ഭാരതവാക്യം വിസ്മരിക്കാവതല്ല. ചുട്ടുപഴുത്ത ഇരുമ്പിൽ പതിക്കുന്ന വെള്ളത്തുള്ളി പോലെ ക്ഷണികമാണ് മനുഷ്യജീവിതം എന്നറിയുന്ന ആർക്കും വിനീതനാവാതിരിക്കാൻ സാധ്യമല്ല. അതുകൊണ്ടുതന്നെ ജീവിതത്തിന്റെ യാഥാർഥ്യം ഉൾക്കൊണ്ട് വിനയം കാണിക്കുന്നവരാണ് വിജയം

വരിക്കുക. മഹത്വത്തിനുടമകളും അവർ തന്നെ. പ്രവാചകൻ പറയുന്നു: 'ദാനം ധനത്തെ കുറക്കുകയില്ല. വിട്ടുവീഴ്ച അടിമയുടെ അന്തസ്സ് വർധിപ്പിക്കുകയേ ഉള്ളൂ. അല്ലാഹുവിന് വേണ്ടി വിനയം കാണിക്കുന്നവനെ അവൻ ഉന്നതനാക്കും'(മുസ്‌ലിം).

'തന്റെ സഹോദരനോട് വിനയം കാണിക്കുന്നവനെ അല്ലാഹു ഉയർത്തുകയും അവനോട് ഔന്നത്യം പ്രകടിപ്പിക്കുന്നവനെ നിന്ദ്യനാക്കുകയും ചെയ്യും' (ത്വബ്റാനി).

അതിനാൽ, ആരും ആരെയും അക്രമിക്കാതിരിക്കുമാറ്, ആരും ആരുടെ മേലും അന്തസ്സ് നടിക്കാതിരിക്കുമാറ്, നിങ്ങൾ അന്യോന്യം വിനയം കാണിക്കണമെന്ന് അല്ലാഹു എനിക്ക് ബോധനം നൽകിയിരിക്കുന്നു (മുസ്‌ലിം).

## മഹിത മാതൃകകൾ

മുഹമ്മദ് നബി(സ) അല്ലാഹുവിന്റെ അന്ത്യദൂതനും സമൂഹത്തിന്റെ നായകനും ഭരണാധികാരിയും സർവ സൈന്യാധിപനും ന്യായാധിപനുമൊക്കെയാണ്. എന്നിട്ടും അദ്ദേഹത്തിന്റെ ജീവിതത്തിലുടനീളം അത്യസാധാരണമായ വിനയം നിറഞ്ഞുനിന്നു. ഒരുവേള താൻ വരുമ്പോൾ എഴുന്നേറ്റു നിൽക്കരുതെന്ന് നിർദേശിച്ച ഏക നേതാവായിരിക്കും മുഹമ്മദ് നബി(സ).

അനുയായികളിൽനിന്ന് അകന്ന് കഴിയാനാണ് അധികനേതാക്കളും ആഗ്രഹിക്കുക. സാധാരണക്കാർ ചെയ്യാറുള്ള ശാരീരികാധ്വാനങ്ങൾക്കൊന്നും നേതാക്കൾ ഒരുക്കമായിരിക്കില്ല. അത് തങ്ങളുടെ അന്തസ്സിന് ചേർന്നതല്ല എന്ന ധാരണയാണവർക്ക്. അതിനാൽ അണികളിലേക്കിറങ്ങിച്ചെന്ന് അവരുമായി ഇടപഴകാൻ വിമുഖത കാണിക്കുന്നു. മതപണ്ഡിതന്മാരും സമുദായ നേതാക്കളും പോലും ഇതിന്നപവാദമല്ല. നബിയുടെ നിലപാട് ഇതിൽനിന്ന് തീർത്തും വ്യത്യസ്തമായിരുന്നു. നിലം കിളക്കുന്നതും കിടങ്ങ് കീറുന്നതും തന്റെ മഹിതമായ പദവിക്ക് പറ്റിയതല്ലെന്ന തോന്നൽ പ്രവാചകനുണ്ടായിരുന്നില്ല. ഹിജ്റാബ്ദം അഞ്ചിലുണ്ടായ അഹ്സാബ് യുദ്ധവേളയിൽ മൂവായിരം അനുയായികളോടൊന്നിച്ച് കിടങ്ങു കുഴിക്കുന്നതിൽ ഇരുപതു ദിവസം നബി വ്യാപൃതനാവുയുണ്ടായി.

മറ്റൊരിക്കൽ അവിടുന്നും അനുചരന്മാരും യാത്രയിലായിരിക്കെ വിശ്രമത്തിനും ഭക്ഷണത്തിനുമായി ഒരിടത്ത് തമ്പടിച്ചു. കൂടിയാലോചനക്കു ശേഷം അവർ ഒരാടിനെ അറുത്ത് പാകം ചെയ്യാൻ തീരുമാനിച്ചു. അപ്പോൾ അവരിലൊരാൾ പറഞ്ഞു: 'അറവ് ഞാൻ നടത്തിക്കൊള്ളാം'. 'തൊലിയുരിക്കുന്നത് ഞാൻ' മറ്റൊരാൾ പറഞ്ഞു. 'പാകം ചെയ്യുന്നത് ഞാനാവട്ടെ' മൂന്നാമൻ അറിയിച്ചു. അങ്ങനെ അവർ ഓരോ ജോലിയും ഭാഗിച്ചെടുത്തു. ഉടനെ പ്രവാചകൻ പറഞ്ഞു: 'വിറക് കൊണ്ടു വരുന്നത് എന്റെ ചുമതലയിലായിരിക്കും.' 'വേണ്ടാ, അതും ഞങ്ങൾ ചെയ്തുകൊള്ളാം' അനുചരന്മാർ അറിയിച്ചു. നബി അംഗീകരിച്ചില്ല. അവിടുന്ന് അരുൾ ചെയ്തു: 'നിങ്ങൾക്കത് ചെയ്യാൻ കഴിയുമെന്നും നിങ്ങളത് ചെയ്യുമെന്നും എനിക്കറിയാം. എന്നാൽ ഞാൻ എന്നെ നിങ്ങളേക്കാൾ ഉയർന്നവനായി കാണുന്നില്ല. നിങ്ങളങ്ങനെ കാണുന്നത് എനിക്കിഷ്ടവുമില്ല. സ്വന്തത്തെ കൂട്ടുകാരേക്കാൾ ഉയർന്നവനായി കാണുന്നവനെ അല്ലാഹു ഇഷ്ടപ്പെടുകയില്ല.' തുടർന്ന് വിറക് ശേഖരിക്കാനായി പ്രവാചകൻ(സ) പുറത്തേക്കിറങ്ങി.

അബൂബക്ർ സിദ്ദീഖി(റ)ന്റെ ഭരണകാലത്ത് മദീനയിലെ അവശയായ ഒരു അന്ധക്ക് എല്ലാ സേവനങ്ങളും ചെയ്തുകൊടുത്തിരുന്നത് ഉമറുൽ ഫാറൂഖ്(റ) ആണ്. ഇടക്കൊരു ദിവസം താനെത്തും മുമ്പെ വൃദ്ധക്കാവശ്യമായതെല്ലാം മറ്റാരോ ചെയ്തുകൊടുത്തതായി കണ്ടു. പിന്നീടുള്ള ദിവസങ്ങളിലും ഇത് ആവർത്തിക്കപ്പെട്ടു. ഉമറിന് ആശ്ചര്യമായി. തനിക്കുമുമ്പെ ആരാണിതൊക്കെ ചെയ്യുന്നത്? ആളെ കണ്ടെത്താനായി ഉമർ ഒരു നാൾ പ്രഭാതമാകും മുമ്പ് വൃദ്ധയുടെ വീടിന്റെ പിന്നിൽ ഒളിച്ചിരുന്നു.

അപ്പോഴതാ ഖലീഫാ അബൂബക്ർ സിദ്ദീഖ്(റ) വൃദ്ധക്ക് ആവശ്യമായ സാധനങ്ങളുമായി നടന്നു വരുന്നു. ഉടനെ ഉമറുൽ ഫാറൂഖ് ഉച്ചത്തിൽ വിളിച്ചു പറഞ്ഞു: 'ഓ, എനിക്കു മുമ്പേ ഇതു ചെയ്യുന്നത് താങ്കളാണല്ലേ?' ഭരണാധികാരിയായിരിക്കെ ഒന്നാം ഖലീഫ എത്ര വിനീതനായിരുന്നുവെന്ന് ഇത് വ്യക്തമാക്കുന്നു.

രണ്ടാം ഖലീഫ ഉമറുൽ ഫാറൂഖ് (റ) തന്റെ നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞു: 'ജനങ്ങളേ, എന്നിൽ വല്ല വക്രതയും കണ്ടാൽ നിങ്ങളത് തിരുത്തുക.' ഉടനെ ഒരു ഗ്രാമീണൻ ഊരിപ്പിടിച്ച വാളുമായി എഴുന്നേറ്റു നിന്നു.അയാൾ പറഞ്ഞു: 'താങ്കളിൽ വല്ല വക്രതയും കണ്ടാൽ ഈ വാളുകൊണ്ടാണ് ഞങ്ങളത് നേരെയാക്കുക.'

'എന്നിൽ വീഴ്ച കണ്ടാൽ വാളുകൊണ്ട് തിരുത്താൻ മാത്രം കരുത്തരായ വ്യക്തികളെ ഈ സമൂഹത്തിനു സമ്മാനിച്ച സർവശക്തനായ അല്ലാഹുവിനാണ് സർവസ്തുതിയും.' അതായിരുന്നു ഖലീഫയുടെ പ്രതികരണം.

മൂന്നാം ഖലീഫ ഉസ്മാനുബ്നു അഫ്ഫാൻ(റ), തന്റെ ഭൃത്യന്റെ പെരുമാറ്റത്തിൽ ക്ഷുഭിതനായി അയാളുടെ ചെവി പിടിച്ചു തിരുമ്മി. ചെയ്തുകഴിഞ്ഞപ്പോൾ കുറ്റബോധവും തോന്നി. ഭൃത്യനെ വിളിച്ച് പ്രതികാരമായി തന്റെ ചെവിപിടിച്ചു തിരുമ്മാൻ ആവശ്യപ്പെട്ടു. അയാൾ മടിച്ചുവെങ്കിലും നിർബന്ധിച്ചപ്പോൾ അനുസരിക്കാതിരിക്കാൻ കഴിഞ്ഞില്ല. അയാൾ ചെവിക്കുന്നി തിരുമ്മുമ്പോൾ ഖലീഫ പറഞ്ഞുകൊണ്ടിരുന്നു: 'ശക്തിയിൽ തിരുമ്മൂ. ഇവിടത്തെ പ്രതികാരം പരലോകത്തിലേതിനേക്കാൾ എത്രയോ മൃദുലം.'

നാലാം ഖലീഫ അലിയ്യുബ്നു അബീ ത്വാലിബ്(റ), വഴി അറിയാത്തവന് വഴികാണിച്ചും, ദുർബലനെ സഹായിച്ചും കിഴവന്റെ ചുമട് ഏറ്റിയും അങ്ങാടിയിലൂടെ നടന്നു നീങ്ങുക പതിവായിരുന്നു. ഇതുകണ്ട് അസ്വസ്ഥരായ ജനം അദ്ദേഹത്തെ സമീപിച്ച് 'അമീറുൽ മുഅ്മിനീൻ' എന്ന് അഭിസംബോധന ചെയ്യുമ്പോഴേക്കും, അവർക്ക് സംസാരിക്കാൻ അവസരം നൽകാതെ വിശുദ്ധ ഖുർആനിലെ ഈ അർഥം വരുന്ന വാക്യം പാരായണം ചെയ്യും: 'ഭൂമിയിൽ ഔന്നത്യവും കുഴപ്പവും ആഗ്രഹിക്കാത്തവർക്ക് ആ പരലോക ഭവനം നാം ഏർപ്പെടുത്തും. അന്തിമ വിജയം ഭക്തന്മാർക്കത്രെ.'

മൂന്നു വെള്ളിനാണയത്തിന് അങ്ങാടിയിൽ നിന്ന് വാങ്ങിയ വസ്ത്രമണിഞ്ഞ്, കഴുതപ്പുറത്തിരുന്ന് ഒരു ഗ്രാമീണ ദരിദ്രനെപ്പോലെ സഞ്ചരിക്കുന്ന ഖലീഫയോട്, രാഷ്ട്രത്തലവന് യോജിച്ച അന്തസ്സുള്ള വസ്ത്രവും വാഹനവും ഉപയോഗിക്കാൻ അഭ്യർഥിക്കുന്നവരോട് ഖലീഫ അലി വിനീതനായി പറയുമായിരുന്നു: 'എന്നെ ഇങ്ങനെ ജീവിക്കാൻ അനുവദിക്കുക. ഞാനും അല്ലാഹുവിന്റെ ഒരെളിയ അടിമയാണല്ലോ'

ഇസ്‌ലാം വിശ്വാസികളെ ഇവ്വിധം വിനീതനാക്കുന്നു. അവരെ ഭൂമിയിൽ മഹത്വത്തിലേക്കും പരലോകത്ത് ശാശ്വത വിജയത്തിലേക്കും നയിക്കുന്നു. വിനയം വിശ്വാസത്തിന്റെ അളവുകോലാണെന്ന് പറയാനുള്ള കാരണവും അതുതന്നെ. ■